LIBRARY ARCHIVES Kerala Legislative Assembly

## വൈക്കം നിയോജകമണ്ഡല പരിധിയിൽ വരുന്ന വൈദ്യുതി ഓഫീസുകളുടെ പ്രവർത്തനം

13 (2251) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജക മണ്ഡല പരിധിയിൽ വരുന്ന വൈദ്യുതി ഉപഭോക്താക്കളുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകൾ ഏതൊക്കെയെന്നും, ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും എത്ര ഉപഭോക്താക്കൾ വീതമുണ്ടെന്നും, ഏതെങ്കിലും സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ സബ് എഞ്ചിനീയർ പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സബ് എഞ്ചിനീയർ ഓഫീസ് നിർത്തലാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകൾക്കു കീഴിൽ എത്ര കി.മീ. വീതം 11 K.V. ലൈനുകളും LT ലൈനുകളും ഉണ്ടെന്നും ഓരോ സെക്ഷൻ ഓഫീസും കവർ ചെയ്യുന്ന സ്ഥലം എത്രത്തോളമുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) വൈക്കം നിയോജക മണ്ഡലത്തിലെ ഉപഭോക്താക്കളുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ഇ) വൈക്കം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധന, വർഷവും ശതമാനവും തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) ഉപഭോക്താക്കളുടെ വർദ്ധനവിനനുസരിച്ച് ഏതെങ്കിലും സ്ഥലങ്ങളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധന വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വസ്തുതകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈക്കം, ചെമ്പ്, തലയാഴം എന്നീ സെക്ഷനുകൾ മുഴുവനായും തലയോലപ്പറമ്പ്, പെരുവ എന്നീ സെക്ഷനുകളുടെ മുക്കാൽ ഭാഗത്തോളവും കടുത്തുരുത്തി സെക്ഷന്റെ കല്ലറ ഭാഗവും വൈക്കം നിയോജക മണ്ഡല പരിധിയിൽ

വരുന്നു. ഓരോ സെക്ഷൻ ഓഫീസുകളുടെയും കീഴിൽ വൈക്കം നിയോജക മണ്ഡല പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. കടുത്തുരുത്തി സെക്ഷന്റെ പരിധിയിൽ കല്ലറ ഭാഗത്ത് ഒരു സബ് എൻജിനീയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

| സെക്ഷൻ | ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| വൈക്കം | 20,487 |
| ചെമ്പ് | 15,356 |
| തലയാഴം | 11,306 |
| തലയോലപ്പറമ്പ് | 10,534 |
| പെരുവ | 5,110 |
| കടുത്തുരുത്തി | 4,220 |

(ബി) നിർത്തലാക്കിയിട്ടില്ല.

(സി)

| സെക്ഷൻ | 11 കെ.വി. ലൈൻ (കി.മീ.) | എൽ.റ്റി.ലൈൻ (കി.മീ.) | വിസ്തീർണ്ണം (സ്ക്വയർ കി.മീ.) |
|---|---|---|---|
| വൈക്കം | 94.536 | 226.833 | 45 |
| ചെമ്പ് | 71.48 | 203.77 | 68 |
| തലയാഴം | 88.98 | 257.17 | 71 |
| തലയോലപ്പറമ്പ് | 51.68 | 149.79 | 56 |
| പെരുവ | 39.79 | 108.75 | 53 |
| കടുത്തുരുത്തി | 27.9 | 98.75 | 16 |

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

| തസ്തിക | വൈക്കം | ചെമ്പ് | തലയാഴം | തലയോലപ്പറമ്പ് | പെരുവ | കടുത്തുരുത്തി |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 1 | 1 | 1 | 1 | 1 | 1 |
| സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 |
| സീനിയർ അസിസ്റ്റന്റ് | 2 | 2 | 2 | 2 | 2 | 3 |
| കാഷ്യർ | 2 | 2 | 2 | 2 | 2 | 2 |
| സബ് എൻജിനീയർ | 3 | 3 | 3 | 3 | 3 | 3 |
| മീറ്റർ റീഡർ | 4 | 3 | 3 | 5 | 3 | 4 |
| ഓവർസിയർ | 6 | 6 | 6 | 6 | 6 | 6 |
| ലൈൻമാൻ I&II | 12 | 12 | 12 | 12 | 12 | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 6 | 6 | 6 | 6 | 6 | 6 |

(ഇ)

| സെക്ഷൻ | ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | | |
|---|---|---|---|
| | 2011-12 (%) | 2012-13 (%) | 2013-14 (%) |
| വൈക്കം | 3 | 3.5 | 4.5 |
| ചെമ്പ് | 3.2 | 3.8 | 4.3 |
| തലയാഴം | 2.8 | 3.1 | 3.3 |
| തലയോലപ്പറമ്പ് | 2.8 | 2.9 | 3.2 |
| പെരുവ | 2.6 | 2.8 | 3.1 |
| കടുത്തുരുത്തി | 2.5 | 2.9 | 3.2 |

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly